പ്രസിദ്ധീകരണത്തിന്

കോവിഡ് 19-നെ പ്രതിരോധിക്കാൻ സംസ്ഥാനസർക്കാരും ആരോഗ്യപ്രവർത്തകരും ജനങ്ങളുടെ സഹകരണത്തോടെ ഇക്കാലമത്രയും കരുതലും നടപടികളും സ്വീകരിച്ചെങ്കിലും, അതിനെ പിടിച്ചുനിർത്താൻ ഇപ്പോഴും നമുക്കു കഴിഞ്ഞിട്ടില്ല. എന്നു മാത്രമല്ല, അത് സാമൂഹ്യവ്യാപനത്തിലേക്ക് എത്തുകയും ദൈനംദിനം വ്യാപനം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യമാണ് ഇന്നുള്ളത്. ജനം വീട്ടിലിരുന്നാൽ മതി, ആരും പുറത്തിറങ്ങരുത് തുടങ്ങിയ കർശനനിർദ്ദേശങ്ങൾ ഉള്ളപ്പോഴും പരീക്ഷകൾ, കൂടിക്കാഴ്ചകൾ, വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം എന്നിവ നിർബാധം തുടരുന്ന നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കുട്ടികളും രക്ഷാകർത്താക്കളും നിരത്തിലിറങ്ങാനും കൂട്ടംകൂടാനും രോഗവ്യാപനത്തിന്റെ തോത് വർദ്ധിക്കാനും ഇത് ഇടയാക്കും. അതിന് ഉദാഹരണം ഇക്കഴിഞ്ഞ ദിവസം നടന്ന എൻട്രൻസ് എക്സാമിനേഷന്റെ അനുഭവം മാത്രം മതി.

കോളേജുകളിലേക്കുള്ള ഒന്നാംവർഷ ഡിഗ്രി അഡ്മിഷനും ഒന്നാംവർഷ ഹയർ സെക്കണ്ടറി അഡ്മിഷനും ഈ മാസം 28, 29 തീയതികളിൽ ഓൺലൈനിൽകൂടി ആരംഭിക്കുമെന്നാണ് കേൾക്കുന്നത്. എല്ലാവർക്കും വീട്ടിലിരുന്ന് ഓൺലൈനിൽകൂടി അപേക്ഷിക്കുന്നതിനുള്ള സൗകര്യമോ അറിവോ ഇല്ലെന്നുള്ള കാര്യം അറിയാവുന്നതാണ്. അങ്ങനെയുള്ള പാവപ്പെട്ട രക്ഷാകർത്താക്കളും കുട്ടികളും അതിനുള്ള മാർഗ്ഗം തേടിപ്പോകേണ്ടിവരും, പലയിടത്തും കൂട്ടംകൂടേണ്ടിയും വരും. ഈ സാഹചര്യം ഉണ്ടാകാതിരിക്കാനും, കോവിഡ് വ്യാപനം ഇനിയും വർദ്ധിക്കാതിരിക്കാനും കുറച്ചുനാളത്തേക്കുകൂടി ഇത്തരം കൂടിക്കാഴ്ചകളും പ്രവേശനനടപടികളും മാറ്റിവയ്ക്കാനുള്ള ധാർമ്മികബാദ്ധ്യത സർക്കാരിനുണ്ട്.

ഈ അസാധാരണസാഹചര്യത്തിൽ, വേണ്ടിവന്നാൽ ഈ അദ്ധ്യയനവർഷം, സിലബസിൽ മാറ്റംവരുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ ആലോചിക്കേണ്ടതാണ്.

തന്നെയുമല്ല, വിദ്യാലയങ്ങളും കോളേജുകളും അടക്കം നിരവധി സ്ഥാപനങ്ങൾ ക്വാറന്റയിനിനും കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ തുടങ്ങുന്നതിനും വേണ്ടി സർക്കാർതന്നെ ഏറ്റെടുത്തിരിക്കുകയാണെന്ന കാര്യവും ഓർക്കേണ്ടതുണ്ട്.

പെരുന്ന
24.7.2020

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി